# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 882 02.12.2015 ൽ മറുപടിയ്ക്ക്

## ബാവിക്കര റഗുലേറ്റർ നിർമ്മാണപ്രവൃത്തി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ :** | **ശ്രീ.പി.ജെ.ജോസഫ്** (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജില്ലയിൽ ബാവിക്കര റഗുലേറ്റർ നിർമ്മാണപ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും അന്നത്തെ അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) നിർമ്മാണപ്രവൃത്തി ആരംഭിച്ചത് 2005 ൽ ആണ്. അന്നത്തെ അടങ്കൽ തുക 263.45 ലക്ഷം രൂപ |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എത്ര തവണ പുതുക്കിയിരുന്നുവെന്നും ഓരോ തവണയും വർദ്ധനവ് വരുത്തിയ തുക എത്രയാണെന്നും കരാറുകാർ ആരൊക്കെ യായിരുന്നുവെന്നും വിശദമാക്കുമോ; | (ബി) ബാവിക്കര റഗുലേറ്ററിന്റെ ബാക്കി പ്രവർത്തിയുടെ എസ്റ്റിമേറ്റ് 2 തവണ പുതുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**വർഷം** — **അടങ്കൽ തുക**<br>2010 - 785.55 ലക്ഷം രൂപ<br>2015 - 1283.197 ലക്ഷം രൂപ<br><br>2005 ൽ കരാറുകാരൻ എം.എ.ഹരിദാസ് എന്നയാളും 2010 ൽ കരാറുകാരൻ കെ.മൊയ്തീൻകുട്ടി ഹാജി എന്നയാളുമാണ്.<br><br>2015 ൽ നിലവിലുള്ള കരാറുകാരനായ ശ്രീ.കെ.മൊയ്തീൻകുട്ടി ഹാജി എന്ന കരാറു കാരനോട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ അപാകത ഉണ്ടായിട്ടുള്ളതായും വിവിധ ഘട്ടങ്ങളിൽ അഴിമതി നടന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരി ച്ചതെന്ന് വിശദമാക്കുമോ; | (സി) ഇല്ല |

(ഡി) പ്രസ്തുത പ്രദേശത്ത് താൽക്കാലിക തടയണ നിർമ്മാണത്തിനായി പ്രവൃത്തി ഏറ്റെടുത്ത ശേഷവും എത്ര തുക വീതമാണ് ചെലവഴിക്കുന്നതെന്ന് വർഷംപ്രതിയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) താൽക്കാലിക തടയണ നിർമ്മാണത്തിന് ചിലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക** |
|---|---|
| 2010-2011 | -₹5,63,007/- |
| 2011-2012 | -₹8,37,387,/- |
| 2012-2013 | -₹9,98,787/- |
| 2013-2014 | -₹8,81,953/- |
| 2014-2015 | -₹10,74,560/- |

(ഇ) താൽക്കാലിക തടയണ നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തത് ആരൊക്കെയെന്നത് വിശദമാക്കുമോ; ബാവിക്കര റഗുലേറ്ററിന്റെ പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

(ഇ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **കരാറുകാരുടെ പേര്** |
|---|---|
| 2010-2011 - | സി.അബ്ദുൾ ഖാദർ, മുച്ചേരിയടുക്കം, മുളിയാർ |
| 2011-2012 - | കെ.എം.അലി, കോലാച്ചിയടുക്കം, മുളിയാർ |
| 2012-2013 - | സി.അബ്ദുൾ ഖാദർ, മുച്ചേരിയടുക്കം, മുളിയാർ |
| 2013-2014 - | എം.എ.ഇക്ബാൽ, മാസ്തിക്, മുളിയാർ |
| 2014-2015 - | പി.കെ.ഹംസ, കതിരിയിൽ ഹൗസ്, പെരുമ്പള |

കോൺട്രാക്ടർ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ട് പണി പുനരാരംഭിച്ചാൽ 2017 മാർച്ചോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**